REFERENCE RE: QUESTIONS AND ANSWERS

MR. P. T. CHACKO (*Kottayam II—General*) : സർ, ചോദ്യോത്തരങ്ങൾക്കായി ഒരു മണിക്കൂർ ആണ് വച്ചിരിക്കുന്നത്. ഒരു മണിക്കൂർ സമയത്തേക്കുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ പറയുവാൻ ഗവണ്മെൻറ് സന്നദ്ധമാകുമെന്നാണ് വിശ്വാസം. എന്നാൽ ഇന്ന പതിനഞ്ചുമിനിട്ടുകൊണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ എല്ലാം തീർന്നു. ബാക്കിയുള്ള സമയം എങ്ങനെയെങ്കിലും ഉപയോഗപ്പെടുത്താൻ വേണ്ടിയാണ് ഇപ്പോൾ ഈ വായന തുടങ്ങിയിരിക്കുന്നത്. ഗവണ്മെൻറ് ഇക്കാര്യത്തിൽ മനഃപൂർവ്വമായി പ്രവർത്തിക്കുന്നതുപോലെ തോന്നിപ്പോകുന്നു. അതുകൊണ്ട് ഉത്തരംപറയുന്ന ചോദ്യങ്ങളുടെ എണ്ണം മേലാലെങ്കിലും കുറഞ്ഞുപോകാതിരിക്കത്തക്കവണ്ണം കർശനമായ നിർദ്ദേശങ്ങൾ കൊടുക്കുകയും വേണ്ട നടപടികൾ നടത്തുകയും ചെയ്യണമെന്നു ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു.

MR. K. M. CHANDY (*Meenachil I—General*) : സർ, മറെറാരു കാര്യമാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. ചോദ്യങ്ങൾ രണ്ടുതരമായിട്ടാണ് സാധാരണ ക്ലാസിഫൈ ചെയ്തിട്ടുള്ളത്. പ്രധാനപ്പെട്ട ചോദ്യങ്ങൾക്കുള്ള ഉത്തരം പറയുകയും അപ്രധാനങ്ങളായ ചോദ്യങ്ങളെ Unstarred questions ആയി ഗണിച്ച് അവയ്ക്കുള്ള ഉത്തരം മേശപ്പുറത്തു വയ്ക്കുകയും ആണ് ചെയ്യുക. അതനുസരിച്ചു വളരെ കുറച്ച് Unstarred questions—നുള്ള ഉത്തരങ്ങൾ മാത്രമേ ഇന്ന് മേശപ്പുറത്തു വച്ചിട്ടുള്ളൂ. ഉത്തരം പറയേണ്ട അനവധി ചോദ്യങ്ങൾ ഇനിയും അച്ചടിത്തിൽ കിടപ്പുണ്ട്. അതിനും വേണ്ട നിർദ്ദേശങ്ങൾ കൊടുത്താൽകൊള്ളാം.

MR. A. THANU PILLAI (*Trivandrum II—General*) : Before the next item on the list of business is entered upon, I wish to make a statement in explanation of the resignation of the previous Ministry.

MR. PRESIDENT : സപ്ലിമെൻററി ചോദ്യങ്ങൾ നിമിത്തം ഇരുപതു ചോദ്യങ്ങൾക്കു തന്നെ ഒരു മണിക്കൂർസമയം എടുക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കും അജൻറായിൽ ഇരുപതു ചോദ്യങ്ങൾ മാത്രം ഉൾപ്പെടുത്തിയത്.

HON'BLE MR. A. J. JOHN : ചോദ്യങ്ങൾ അയക്കുമ്പോൾ ഇന്ന തീയതിയിൽ ഉത്തരം പറയണമെന്ന് അറിയിക്കാൻകൂടി വ്യവസ്ഥയുണ്ട്. ഇന്നത്തേക്ക് ഉത്തരം പറയണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള എല്ലാ ചോദ്യ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John.]

ങ്ങൾക്കും ഉത്തരം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഗവണ്മെൻറ് ഭാഗത്തു നിന്നും യാതൊരു കുഴപ്പവും ഉണ്ടാക്കീട്ടില്ലെന്നു വിചാരിക്കുന്നു.

MR. K. K. CHELLAPPAN PILLAI : മുമ്പ് അയച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ഇന്ന തീയതിയിൽ ഉത്തരം പറയണമെന്നാവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ ആ തീയതികളിലല്ല ഉത്തരം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് രൂളിലുള്ള അവ്യവസ്ഥക്ക് ന്യായവുരുത്തിയിട്ടുള്ളതായി അംഗങ്ങളിൽ പലരും ധരിച്ചിട്ടുണ്ടായിരിക്കണം. അതുകൊണ്ടാണ് തീയതികൾ കാണിക്കാതെ ചോദ്യങ്ങൾ അയക്കാൻ ഇടയായതു എന്ന് ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളട്ടെ.

MR. PRESIDENT : തീയതി കാണിച്ച് ചോദ്യങ്ങൾ അയക്കണം എന്നാണ് രൂൾ. തീയതി കാണിച്ചിട്ടുള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറഞ്ഞിട്ടുണ്ടെന്നു ബഹു. മന്ത്രി പറഞ്ഞിട്ടുള്ളതുകൊണ്ട് ഇതു സംബന്ധിച്ച് മേൽനടപടി നടത്തേണ്ട ആവശ്യമില്ലെന്ന് വിചാരിക്കുന്നു.

MR. A. P. UDAYABHANU (*Karunagapally II—General*) : That statement is not correct, Sir.

(Two to three Hon'ble-Members were found standing up and putting questions.)

MR. PRESIDENT : When the President is on his legs, no other member is to stand up. This is only an elementary rule of discipline which I trust all the members will bear in mind

MR. A. P. UDAYABHANU : Sir, as an instance I would point out to the Chair that all the questions which have been desired to be answered today have not been answered at all. The questions are 3, 5, 10, 11, 12. 13 etc. So it is the fault of the Government for not having been able to secure answers for them.

HON'BLE MR. A. J. JOHN : ഇവിടെ ഒരു വിശദീകരണം ആവശ്യമായിരിക്കുന്നു. ഗവണ്മെൻറിന് ഉത്തരങ്ങൾ ലഭിച്ചിട്ടുള്ളവ മാത്രമാണ് ഇന്നത്തെ അജൻറായിൽ കൊള്ളിച്ചിരിക്കുന്നത്. ഉത്തരങ്ങൾ ലഭിച്ചിട്ടില്ലാത്തവ വേറെയും ഉണ്ട്.

MR. PRESIDENT : Hereafter more questions will be answered on the floor of the House.

MR. P. S. NATARAJA PILLAI : Sir, I have given notice of a motion for adjournment of the House.

MR. PRESIDENT : I was about to take up that item of business. But there is a statement which the outgoing Minister desires to make. I give precedence to that and call upon Mr. Thanu Pillai to make his statement.

LIBRARY ARCHIVES Kerala Legislative Assembly